പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 903 — 09.08.2017-ലെ മറുപടി

## ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി. ഉണ്ണി : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്ത് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു; വിശദാംശം ലഭ്യമാക്കാമോ; | എ) സംഗമിത്ര (106 ഗുണഭോക്തൃകുടുംബങ്ങൾ) – കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തിവരുന്നു. |
| ബി) മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അമ്പലപ്പാറ, തച്ചനാട്ടുകര, ലക്കിടി പേരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്. |
| സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകളിൽ ഏതെല്ലാം കുടിവെള്ള പദ്ധതികൾ ആണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ? | സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ താഴെപ്പറയുന്ന രണ്ട് കുടിവെള്ള പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.<br>1. തച്ചനാട്ടുകര, അലനല്ലൂർ, കോട്ടോപ്പാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - 22 കോടി രൂപ<br>2. അമ്പലപ്പാറ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി - 10 കോടി രൂപ<br>മേൽപ്പറഞ്ഞ 2 പദ്ധതികളുടേയും ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br>3. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് ജലനിധിക്ക് കൈമാറുകയും അതിലെ ജലനിധി പദ്ധതിയിലുൾപ്പെടുത്തി ജലശുദ്ധീകരണശാലയുടേയും അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.<br>4. ഞാവലിൻ കടവ് CWSS 1350 ഗുണഭോക്തൃ കുടുംബങ്ങൾക്കായുള്ള ഡി.എസ്.ആർ തയ്യാറായിട്ടുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ